**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 125** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ആഗോള അയ്യപ്പ സംഗമം പരിപാടി നടത്തിപ്പിലെ ക്രമക്കേടുകളുടെ അന്വേഷണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** 2025 സെപ്റ്റംബറിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തിയ ആഗോള അയ്യപ്പ സംഗമത്തിന് എത്ര തുക ചെലവായി; ഇതിൽ സ്പോൺസർഷിപ്പിനത്തിൽ എത്ര തുക ലഭിച്ചു; ദേവസ്വം ബോർഡ് നേരിട്ട് എത്ര രൂപ ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് സ്പോൺസർഷിപ്, പരസ്യ വരുമാനം, സേവിംഗ്സ് ബാങ്ക് പലിശ എന്നീ ഇനങ്ങളിൽ ആകെ 4,56,47,532/- രൂപ വരവായി ലഭിച്ചിട്ടുണ്ട്. ഇതിൽ ധനലക്ഷ്മി ബാങ്ക് സ്പോൺസർഷിപ്(ജി.എസ്.റ്റി. 18% ഉൾപ്പെടെ) 2,36,00,000/-, കേരള ബാങ്ക് പരസ്യ നിരക്ക്(ജി.എസ്.റ്റി. 18% ഉൾപ്പെടെ) 1,00,00,000/-, അദാനി പോർട്സ് സ്പോൺസർഷിപ് (ജി.എസ്.റ്റി. 18% ഉൾപ്പെടെ) 1,16,00,000/-, സേവിംഗ്സ് ബാങ്ക് പലിശ 4,47,532/- എന്നിവ ഉൾപ്പെടുന്നു.

ആഗോള അയ്യപ്പ സംഗമത്തിന്റെ പ്രാരംഭ നടപടികൾക്കായി ദേവസ്വം ബോർഡിന്റെ ബജറ്റ് ശീർഷകത്തിൽ നിന്നും അയ്യപ്പ സംഗമത്തിനായി ആരംഭിച്ച പ്രത്യേക അക്കൗണ്ടിലേക്ക് അനുവദിച്ച 5 കോടി രൂപയിൽ സ്പോൺസർഷിപ് തുക ലഭ്യമായ മുറയ്ക്ക് 3 കോടി രൂപ റീഇമ്പേഴ്സ് ചെയ്യുകയും 16.06.2026-ലെ കണക്ക് പ്രകാരം 2,16,69,410/- രൂപ ബാക്കി നിൽകുന്നതുമായ വിവരം ദേവസ്വം ബോർഡ് വ്യക്തമാക്കിയിട്ടുണ്ട്.

**(ബി)** ആഗോള അയ്യപ്പ സംഗമത്തിനായി തുക ചെലവഴിച്ചതിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടന്നിട്ടുണ്ടോ; ക്രമക്കേട് നടത്തിയതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിംഗിനായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുള്ളതായും ആഗോള അയ്യപ്പ സംഗമത്തിനായി തുക ചെലവഴിച്ചതിൽ ക്രമക്കേട് നടന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് നിലവിൽ അന്വേഷണങ്ങളൊന്നും തന്നെ നടക്കുന്നില്ല എന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് വന്നാൽ മാത്രമേ ക്രമക്കേട് സംബന്ധിച്ച് അറിയാൻ സാധിക്കുകയുള്ളൂ. ക്രമക്കേട് നടന്നതായി ബോധ്യപ്പെട്ടാൽ ഉത്തരവാദികൾക്കെതിരെ നിയമനടപടി സ്വീകരിക്കും.

**സെക്ഷൻ ഓഫീസർ**